പതിനഞ്ചാം കേരള നിയമസഭ

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

**മൂന്നാമത് റിപ്പോർട്ട്**

(2024 ജൂലൈ 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(സമിതിയുടെ 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള പ്രവർത്തനം സംബന്ധിച്ച ജനറൽ റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

**പതിനഞ്ചാം കേരള നിയമസഭ**

**മത്സ്യത്തൊഴിലാളികളുടെയും**
**അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം**
**സംബന്ധിച്ച സമിതി (2023-2026)**

**മൂന്നാമത് റിപ്പോർട്ട്**

(2024 ജൂലൈ 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(സമിതിയുടെ 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള പ്രവർത്തനം**
**സംബന്ധിച്ച ജനറൽ റിപ്പോർട്ട് )**

## ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | - | v |
| അവതാരിക | - | vii |
| റിപ്പോർട്ട് | - | 1 |
| അനുബന്ധം | | |
| I. ദുരന്തനിവാരണ വകുപ്പിന്റെ 12.02.2019-ലെ 97/2019/ ഡി.എം.ഡി നമ്പർ ഉത്തരവ് | - | |
| II. സമിതിയുടെ ഇടപ്പെടൽ മൂലം പരിഹൃതമായ ഹർജികളുടെ വിശദാംശം | - | |
| III. സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച പട്ടിക | - | |
| IV. സമിതിയുടെ പരിഗണനയിലുള്ള ഹർജികളിൻമേൽ സർക്കാരിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്ത ഫയലുകളുടെ പട്ടിക | - | |

## മത്സ്യത്തൊഴിലാളികളുടെയും
## അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം
## സംബന്ധിച്ച സമിതി (2023-2026)

### ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. പി.പി. ചിത്തരഞ്ജൻ, എം.എൽ.എ.

**അംഗങ്ങൾ** :

ശ്രീ. എൻ.കെ. അക്ബർ, എം.എൽ.എ.

ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

ശ്രീ. കെ.ജെ. മാക്സി, എം.എൽ.എ.

ശ്രീമതി കാനത്തിൽ ജമീല, എം.എൽ.എ.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. വി. ശശി, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്** :

ഡോ. എൻ.കൃഷ്ണ കുമാർ , സെക്രട്ടറി

ശ്രീ. കെ.ജി. ത്രിദീപ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി ലാലി വി.എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

# അവതാരിക

പതിനഞ്ചാം കേരള നിയമസഭയിലെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2023-2026) -യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളിന്മേലും ഹർജികളിന്മേലും സർക്കാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളുടെയും തെളിവെടുപ്പ് യോഗങ്ങളിലും ജില്ലാതല യോഗങ്ങളിലും സമിതിയുടെ ശ്രദ്ധയിൽ വന്ന വിഷയങ്ങളിന്മേലുള്ള സമിതി നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. സമിതിയുടെ ഇടപ്പെടൽ മൂലം പരിഹൃതമായ ഹർജികളുടെ വിശദാംശം, സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികളുടെ പട്ടിക, സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ഫയലുകളുടെ പട്ടിക എന്നിവ സംബന്ധിച്ച വിവരം റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

2024 മെയ് 29-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പി.പി. ചിത്തരഞ്ജൻ,
അദ്ധ്യക്ഷൻ,
മത്സ്യത്തൊഴിലാളികളുടെയും
അനുബന്ധ തൊഴിലാളികളുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2024 ജൂലൈ 8

## റിപ്പോർട്ട്

ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളം 580 കിലോമീറ്റർ വ്യാപിച്ചു കിടക്കുന്ന സമൃദ്ധമായ തീരത്താലും 44 നദികളാലും, എണ്ണമറ്റ ജലസംഭരണികളാലും ജൈവ സമൃദ്ധവും ഹരിതാഭവുമായ ഭൂപ്രദേശങ്ങളാലും സമ്പുഷ്ടമാണ്. കേരള തീരത്തേയും ഇതര ജല സ്രോതസ്സുകളിലെയും ആവാസവ്യവസ്ഥയും കേരളത്തിന്റെ ജൈവവൈവിധ്യവും മത്സ്യ സമ്പത്തും 10 ലക്ഷത്തിലധികം മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പിനാധാരമാണ്. മത്സ്യമേഖലയെ സംബന്ധിച്ചിടത്തോളം പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഒരു സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തിന്റെ പടിഞ്ഞാറൻ ഭാഗം പൂർണ്ണമായും തീരപ്രദേശമായതിനാൽ തീരദേശവാസികളിൽ ഏറിയപങ്കും മത്സ്യബന്ധനത്തെയും അനുബന്ധ തൊഴിലുകളെയും ആശ്രയിച്ചു കഴിയുന്നവരാണ്.

2. നിലവിൽ സംസ്ഥാനത്ത് 222 കടലോര മത്സ്യഗ്രാമങ്ങളും ഉൾനാടൻ മേഖലയിൽ 113 മത്സ്യഗ്രാമങ്ങളുമുണ്ട്. ഇവിടങ്ങളിൽ ഭൂരിഭാഗം ജനങ്ങളുടെയും ഉപജീവനമാർഗ്ഗം മത്സ്യബന്ധനവും അനുബന്ധതൊഴിലുകളുമാണ്. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ മാത്രമല്ല ഭക്ഷ്യമേഖലയിലും മത്സ്യബന്ധനം സുപ്രധാന പങ്കു വഹിക്കുന്നുണ്ട്. സാമ്പത്തിക മേഖല മെച്ചപ്പെടുത്തുന്നതിൽ മത്സ്യത്തൊഴിലാളികൾ വഹിക്കുന്ന പങ്ക് സുപ്രധാനമാണെങ്കിലും സാമ്പത്തികമായും സാമൂഹികമായും അവർ ഇന്നും പിന്നോക്കം നിൽക്കുന്ന ജനസമൂഹമാണ്. മറ്റേതൊരു മേഖലയിലെ തൊഴിലാളികൾക്കും അഭിമുഖീകരിക്കേണ്ടതില്ലാത്ത ആപത്സാധ്യതയാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നവർ നേരിടുന്നത്. പരമ്പരാഗതമായി നേരിടേണ്ടിവരുന്ന വിപത്തുകൾക്കു പുറമെ സുനാമി പോലെയുള്ള പ്രകൃതി ക്ഷോഭങ്ങൾ, മറ്റ് കാലാവസ്ഥാ വ്യതിയാനങ്ങൾ എന്നിവയും ഇവരെ സാരമായി ബാധിക്കുന്നു.

3. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ അവരുടെ തൊഴിലിൽ പ്രാവീണ്യം നേടിയവരും പ്രസ്തുത മേഖലയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവരും ആണ്. എങ്കിലും കുറഞ്ഞ വരുമാനം, സുസ്ഥിരമല്ലാത്ത വിളവെടുപ്പ്, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട അപകടസാധ്യത തുടങ്ങിയ നിരവധി സാമൂഹിക/സാമ്പത്തിക പ്രശ്നങ്ങൾ അവർ നേരിടേണ്ടിവരുന്നുണ്ട്. വിപണന രംഗത്തും മത്സ്യത്തൊഴിലാളികൾ ചൂഷണമടക്കമുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നു.

4. മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കായി കേന്ദ്ര/സംസ്ഥാന സർക്കാരുകളും ഇതര ഏജൻസികളും നിരവധി പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടെങ്കിലും അവ പൂർണ്ണമായ രീതിയിൽ ഫലപ്രാപ്തിയിൽ എത്തുന്നുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ഉന്നമനത്തിനായി

രൂപീകരിച്ചിട്ടുള്ള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെയും ഇതര ഏജൻസികളുടെയും പ്രവർത്തനവും പ്രവൃത്തികളും പരിശോധിക്കുക, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികൾ അവലോകനം ചെയ്യുക, മത്സ്യബന്ധന വകുപ്പിനും മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡിനും അനുവദിച്ച പണവും അവ വഹിച്ച ചെലവും നേടിയ ഫലങ്ങൾക്ക് ആനുപാതികമാണോ എന്ന് കണ്ടെത്തുന്നതിനായി അവയുടെ വാർഷിക റിപ്പോർട്ട് പരിശോധിക്കുക എന്നിവയ്ക്കും അവയിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും അതോടൊപ്പം മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും വിവിധ പ്രശ്നങ്ങൾ പഠിച്ച് ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിച്ച് മത്സ്യത്തൊഴിലാളികളുടെ ജീവിതം പൊതു സമൂഹത്തോട് ചേർത്ത് നിർത്തുക എന്ന ലക്ഷ്യത്തോടെയുമാണ് ഇന്ത്യയിൽ ആദ്യമായി കേരള നിയമസഭയിൽ 2010 ജൂലൈ 31-ാം തീയതി മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി രൂപീകൃതമായത്.

5. ബഹു. സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്നതും സമിതി ചെയർമാൻ ഉൾപ്പെടെ 9 അംഗങ്ങൾ അടങ്ങുന്നതുമായ സമിതി പ്രതിമാസം 3 യോഗങ്ങൾ ചേരുന്നു. മത്സ്യ/അനുബന്ധ തൊഴിലാളികളിൽ നിന്നും ബന്ധപ്പെട്ട സംഘടനകളിൽ നിന്നും സമിതി പരാതികൾ സ്വീകരിക്കുകയും അവ പരിശോധിച്ച് റിപ്പോർട്ടിനായി ബന്ധപ്പെട്ട വകുപ്പിലേക്ക് അയയ്ക്കുകയും ചെയ്യുന്നു. തുടർന്ന് സർക്കാരിൽ നിന്ന് ലഭ്യമാകുന്ന റിപ്പോർട്ട് സമിതി പരിശോധിക്കുകയും തൃപ്തികരമായവ ഹർജിക്കാരനെ അറിയിച്ച് ഫയൽ നടപടി അവസാനിപ്പിക്കുകയും ചെയ്യുന്നു. പരാതികളിന്മേൽ വകുപ്പുകൾ ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ ഹർജിക്കാരന്റെ സങ്കട നിവാരണത്തിന് പര്യാപ്തമല്ലാത്തപക്ഷം സമിതി പ്രശ്നപരിഹാരത്തിനായി സർക്കാരിലേയ്ക്ക് നിർദ്ദേശങ്ങൾ നൽകുകയും അധിക വിവരങ്ങൾ ആരായുകയും ചെയ്യുന്നു. സർക്കാരിൽ നിന്ന് റിപ്പോർട്ടുകൾ ലഭ്യമാകുവാൻ കാലതാമസം ഉണ്ടാകുമ്പോഴും ലഭ്യമാക്കുന്ന റിപ്പോർട്ടുകളിൽ കൂടുതൽ വിശദീകരണം ആവശ്യമായി വന്നാലും സമിതി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരിൽ നിന്നും മറ്റുദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ആവശ്യമെങ്കിൽ സ്ഥല സന്ദർശനം നടത്തുകയും ചെയ്യുന്നു.

6. വിവിധ ജില്ലകളിൽ നിന്ന് സമിതി മുമ്പാകെ ലഭിക്കുന്ന പരാതികളിന്മേൽ സർക്കാരിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്ത സാഹചര്യത്തിലും ഹർജിയിന്മേൽ കൂടുതൽ വിവരങ്ങൾ ആരായുന്നതിനും മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളികളിൽ നിന്നും സംഘടനകളിൽ നിന്നും നേരിട്ട് പരാതികൾ സ്വീകരിക്കുന്നതിനുമായി ഓരോ മാസവും വിവിധ ജില്ലകളിൽ വച്ച് സമിതി

യോഗം ചേരുകയും ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ബന്ധപ്പെട്ട സ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കുകയും ചെയ്തുവരുന്നു. ഹർജിക്കാർക്ക് അവരുടെ പ്രശ്നങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മുമ്പിൽ നേരിട്ട് അവതരിപ്പിക്കുന്നതിനും യോഗത്തിൽ വച്ചുതന്നെ പരിഹാരം കണ്ടെത്തുന്നതിനും സാധിക്കുന്നു എന്നത് സമിതിയുടെ ജില്ലാതല യോഗങ്ങളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

7. സർക്കാർ റിപ്പോർട്ടുകളുടെ പരിഗണനയ്ക്ക് ശേഷം സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങളും ശിപാർശകളും ബന്ധപ്പെട്ട വകുപ്പുകളെ അറിയിച്ച് നടപടി ആവശ്യപ്പെടുന്നത് കൂടാതെ സമിതി പരിഗണിച്ച ഹർജികളെ സംബന്ധിച്ച ജനറൽ റിപ്പോർട്ടും മത്സ്യത്തൊഴിലാളികളുമായോ മത്സ്യമേഖലയുമായോ ബന്ധപ്പെട്ട് പ്രാധാന്യമുള്ള വിഷയങ്ങൾക്ക് പ്രത്യേകം പരിഗണന നൽകി വിശദമായ പഠനം നടത്തി തയ്യാറാക്കുന്ന സ്പെഷ്യൽ റിപ്പോർട്ടുകളും സമിതി നിയമസഭയിൽ സമർപ്പിക്കുന്നു. ഓരോ നിയമസഭയുടെ കാലയളവിലും രൂപീകരിക്കപ്പെടുന്ന സമിതികൾ പ്രസ്തുത കർത്തവ്യങ്ങൾ സ്തുത്യർഹമായ രീതിയിൽ നിർവ്വഹിച്ചുവരുന്നു.

8. പതിനഞ്ചാം കേരള നിയമസഭയുടെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-23) 2021 ജൂൺ 15 -ന് രൂപീകൃതമായി.

9. 01.01.2022 മുതൽ 31.12.2022 വരെയുള്ള കാലയളവിൽ സമിതി, ആകെ 18 യോഗങ്ങൾ ചേർന്നു. ഇവയിൽ 10 യോഗങ്ങൾ സമിതിയ്ക്ക് ലഭിച്ച പരാതികളും സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളും പരിഗണിക്കുന്നതിനും 2 യോഗങ്ങൾ സമിതി റിപ്പോർട്ടുകൾ പരിഗണിക്കുന്നതിനും ഒരു യോഗം സമിതിയുടെ അഖിലേന്ത്യാ പഠന പരിപാടിയുടെ കരട് പരിഗണിക്കുന്നതിനും ഒരു യോഗം സുനാമി പുനരധിവാസ പദ്ധതി പ്രകാരം ലഭ്യമാക്കിയ ഫ്ലാറ്റുകളുടെയും കോളനികളുടെയും ശോചനീയാവസ്ഥ സംബന്ധിച്ചും ലൈഫ് മിഷൻ ഭവന പദ്ധതിയിലൂടെ അർഹരായ മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന നൽകി വീട് നൽകുന്നത് സംബന്ധിച്ചും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുക്കുന്നതിനും ആയിരുന്നു. ശേഷിച്ച 4 യോഗങ്ങൾ കാസർഗോഡ്, കണ്ണൂർ, കൊല്ലം, ആലപ്പുഴ എന്നീ ജില്ലാതല സന്ദർശന യോഗങ്ങളോടനുബന്ധിച്ചുമായിരുന്നു. പ്രസ്തുത ജില്ലാതല തെളിവെടുപ്പ് യോഗങ്ങളിൽ സമിതി മത്സ്യ-അനുബന്ധ തൊഴിലാളികൾ, സംഘടനകൾ എന്നിവയിൽ നിന്നും പരാതികൾ സ്വീകരിക്കുകയും കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖം, കൊല്ലം ജില്ലയിലെ മഹാരാഷ്ട്ര കോളനി, ക്ലാപ്പന, കുലശേഖരപുരം എന്നീ സുനാമി കോളനികളിൽ സന്ദർശനം നടത്തുകയും അവരുടെ പ്രശ്നങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുകയുമുണ്ടായി.

10. സുനാമി പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ച വീടുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും ലൈഫ് ഭവന പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് അർഹമായ മുൻഗണന ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിലെയും ശുചിത്വ മിഷനിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയ സമിതി ക്രിയാത്മകങ്ങളായ നിരവധി നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി താഴെപ്പറയുന്ന രണ്ട് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

1. ജനറൽ റിപ്പോർട്ട്(2021 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സമിതി പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്)

2. സമിതി(2011-14)യുടെ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള(സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

11. സംസ്ഥാനത്ത് മത്സ്യ സമ്പത്ത് കുറഞ്ഞ് വരുന്നതായി കണക്കുകളിൽ നിന്നും വ്യക്തമാകുന്നു. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും നിലനിൽപ്പിനും ഉപജീവനത്തിനും മത്സ്യസമ്പത്ത് പരിരക്ഷിക്കപ്പെടേണ്ടത് അനിവാര്യമാണ്. അറവ് ശാലകൾ, ചന്തകൾ, കല്യാണ മണ്ഡപങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള മാലിന്യങ്ങൾ, രാസമാലിന്യങ്ങൾ തുടങ്ങിയവ തോട്, പുഴ എന്നിവിടങ്ങളിലേയ്ക്ക് ഒഴുക്കി വിടുന്നതിലൂടെ മത്സ്യസമ്പത്തിന് വളരെയധികം നാശമുണ്ടാകുന്നതായി വിലയിരുത്തിയ സമിതി പ്രസ്തുത വിഷയം ചർച്ചാ വിധേയമാക്കുകയും മാലിന്യങ്ങൾ പുഴകളിൽ തള്ളുന്നത് മൂലം മത്സ്യ സമ്പത്തിനുണ്ടാകുന്ന ശോഷണം സംബന്ധിച്ച് ഈ മേഖലയിലെ വിദഗ്ധരുമായി കൂടിയാലോചിക്കാനും വിശദമായ പഠനം നടത്തുവാനും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

12. വിദേശനാണ്യം നേടിത്തരുന്ന ഒരു പ്രധാന വരുമാന സ്രോതസ്സ് എന്ന നിലയിൽ മത്സ്യബന്ധന തുറമുഖങ്ങളുടെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനായി സമിതി കൊയിലാണ്ടി, വിഴിഞ്ഞം, നീണ്ടകര, ചേറ്റുവ എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ സന്ദർശിക്കുകയും ബന്ധപ്പെട്ട വകുപ്പുകളുമായി തെളിവെടുപ്പ് നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സമിതി ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ പരിശോധിക്കവേ, വർഷങ്ങളായി ഉപയോഗത്തിലിരിക്കുന്ന പല മത്സ്യബന്ധന തുറമുഖങ്ങളും നവീകരിക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി വിലയിരുത്തുകയുണ്ടായി. സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങളും പരാതികളും നിലനിൽക്കുന്ന സാഹചര്യത്തിൽ പോരായ്മകൾക്ക് കൃത്യമായ പരിഹാരം കണ്ടെത്തുന്നതിനായി സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ

കഴിഞ്ഞ 25 വർഷ കാലയളവിലെ പ്രവർത്തന പുരോഗതി സംബന്ധിച്ച് വിശദമായ പഠനം നടത്തുവാനും സമിതി തീരുമാനിക്കുകയുണ്ടായി.

13. മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗത്തോടൊപ്പം വിനോദ സഞ്ചാര മേഖലയിലും ഏറെ പ്രാധാന്യമർഹിക്കുന്നതാണ് സംസ്ഥാനത്തെ പ്രകൃതിരമണീയമായ കടൽത്തീരങ്ങൾ. എന്നാൽ തീരശോഷണം മൂലം നമ്മുടെ കടൽത്തീരങ്ങൾ പലതും നാമാവശേഷമായിരിക്കുകയാണ്. ആയതിനാൽ തീരശോഷണം തടയുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തുവാനും സമിതി തീരുമാനിച്ചിട്ടുണ്ട്.

14. സമിതിയുടെ പരിഗണനയിൽ വന്ന വിവിധ വിഷയങ്ങൾ വിശകലനം ചെയ്യവേ, ഉരുത്തിരിഞ്ഞ ചില നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

15. ലൈഫ് ഭവന പദ്ധതിയിലുൾപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തതിനാൽ CRZ അനുമതി ലഭ്യമാക്കാത്തതുമായി ബന്ധപ്പെട്ട് നിരവധി ഹർജികൾ സമിതിയുടെ പരിഗണനയിലുണ്ട്. CRZ വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ച ഹർജികൾ പരിഗണിക്കവേ, പട്ടയത്തിനുള്ള അപേക്ഷകൾ വില്ലേജാഫീസിലും താലൂക്കാഫീസിലുമായി വർഷങ്ങളായി കെട്ടികിടക്കുകയാണെന്നും മറ്റ് തീരദേശ പഞ്ചായത്തുകളിലെയും സ്ഥിതി വിഭിന്നമല്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ കരുംകുളം ഗ്രാമപഞ്ചായത്തിലെയും മറ്റ് തീരദേശ പഞ്ചായത്തുകളിലേയും ലൈഫ് ഭവന പദ്ധതിയിലുൾപ്പെട്ട മത്സ്യത്തൊഴിലാളികൾ സമർപ്പിച്ച, പട്ടയത്തിനുള്ള അപേക്ഷകളിന്മേൽ അടിയന്തരമായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തീരദേശ പട്ടയങ്ങൾ ലഭ്യമാക്കണമെന്ന് റവന്യൂ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

16. സുനാമി ഫ്ലാറ്റുകളുടെയും കോളനികളുടെയും നിലവിലെ അവസ്ഥ അത്യന്തം ശോചനീയമാണെന്ന് സമിതി നടത്തിയ സന്ദർശനങ്ങളിൽ നിന്നും സമിതി മുമ്പാകെ ലഭിച്ചിട്ടുള്ള ഹർജികളിൽ നിന്നും മനസ്സിലാക്കുന്നു. ദുരന്ത നിവാരണ വകുപ്പിന്റെ 12.02.2019-ലെ 97/2019/ഡി.എം.ഡി.നം. ഉത്തരവ് (അനുബന്ധം I) പ്രകാരം സുനാമി ഫ്ലാറ്റുകളിലേയും കോളനികളിലേയും കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജലവിഭവ വകുപ്പിനേയും മാലിന്യ നിർമ്മാർജ്ജനം, സെപ്റ്റിക് ടാങ്ക് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ, ചുറ്റുമതിൽ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും സുനാമി ഫ്ലാറ്റുകളുടെയും കോളനികളുടെയും അറ്റകുറ്റപ്പണികളുടെ വിഷയത്തിൽ വേണ്ടത്ര ഗൗരവത്തോടെയുള്ള ഒരു സമീപനം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നില്ല എന്ന് സമിതി വിലയിരുത്തുന്നു. സുനാമി ഫ്ലാറ്റുകളുടെയും കോളനികളുടെയും ശോചനീയാവസ്ഥ

സംബന്ധിച്ചും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങൾ സംബന്ധിച്ചും തദ്ദേശസ്വയംഭരണ വകുപ്പ് യാതൊരു പഠനവും നടത്താത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. സുനാമി ഫ്ലാറ്റുകളുടെ/കോളനികളുടെ ശോചനീയാവസ്ഥ സമിതി നേരിട്ട് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവയുടെ പുനരുദ്ധാരണത്തിനായി റീ ബിൽഡ് കേരള പദ്ധതിയിലോ കിഫ്ബി പദ്ധതിയിലോ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സുനാമി ഫ്ലാറ്റുകളുടെ അറ്റകുറ്റപ്പണിയും മറ്റ് അനുബന്ധ പ്രവൃത്തികളും നടത്തുന്നതിനായി കോളനികളുടെ/ ഫ്ലാറ്റുകളുടെ ഉടമസ്ഥാവകാശം കൂടി റവന്യൂ വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വർക്കിംഗ് ഗ്രൂപ്പിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ സുനാമി ഫ്ലാറ്റുകൾ/കോളനികൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ ഉൾപ്പെടുത്തണമെന്നും ബഡ്ജറ്റിൽ സുനാമി ഫ്ലാറ്റുകളുടെ/കോളനികളുടെ പുനരുദ്ധാരണത്തിന് ശീർഷകം അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

18. സുനാമി കോളനികളുടെ/ഫ്ലാറ്റുകളുടെ പുനരുദ്ധാരണത്തിനായി ഫിഷറീസ് വകുപ്പിന്റെ പ്ലാൻ ഫണ്ടിലോ ജനകീയാസൂത്രണ പദ്ധതിയിലോ ഉൾപ്പെടുത്തി പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

19. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിലോ തനതുഫണ്ടിലോ ഉൾപ്പെടുത്തി സുനാമി ഫ്ലാറ്റുകളുടെയും കോളനികളുടെയും, മത്സ്യത്തൊഴിലാളികളുടെ വീടുകളുടെയും കാലപ്പഴക്കം പരിഗണിച്ച് പുനരുദ്ധാരണം ഒരു നിർബന്ധിത വകയിരുത്തൽ പ്രോജക്ടായി ഉൾപ്പെടുത്തി, പദ്ധതി മാർഗ്ഗനിർദ്ദേശം പരിഷ്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. മത്സ്യത്തൊഴിലാളികൾ നേരിടുന്ന മറ്റൊരു പ്രശ്നമാണ് അനധികൃത മത്സ്യബന്ധനം കാസർഗോഡ് ജില്ലയിലെ തീരപ്രദേശങ്ങളിൽ കർണ്ണാടകയിൽ നിന്നുള്ള ബോട്ടുകൾ ട്രോളിംഗ് നിരോധന സമയത്ത് അനധികൃത മത്സ്യബന്ധനം നടത്തുന്നുവെന്ന് പരാതിപ്പെട്ട് സമിതി മുമ്പാകെ ഹർജികൾ ലഭിച്ചിരുന്നു. കർണ്ണാടക ബോട്ടുകൾ കാസർഗോഡ് ജില്ലയിൽ അനധികൃത മത്സ്യബന്ധനം നടത്തുന്നത് തടയുന്നതിന് ഫിഷറീസ് സ്റ്റേഷൻ നിലവിൽ വന്നിട്ടുണ്ടെങ്കിലും ഒരു അസിസ്റ്റന്റ് ഡയറക്ടർ മാത്രമാണ് പ്രസ്തുത സ്റ്റേഷനിൽ നിലവിലുള്ളത് എന്നും ഫിഷറീസ് സ്റ്റേഷൻ പൂർണ്ണമായും പ്രവർത്തന സജ്ജമാകണമെങ്കിൽ കൂടുതൽ ജീവനക്കാരും മറൈൻ എൻഫോഴ്സ്മെന്റ് വിംഗിന്റെ സേവനവും ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. അതിനാൽ കാസർഗോഡ് ഫിഷറീസ് സ്റ്റേഷന്റെ സുഗമമായ

<u>പ്രവർത്തനത്തിന് ആവശ്യമായ സ്റ്റാഫിനെ നിയമിക്കണമെന്നും കൂടാതെ മറൈൻ എൻഫോഴ്സ്മെന്റ് വിംഗിന്റെ സേവനം ലഭ്യമാക്കണമെന്നും മത്സ്യബന്ധന തുറമുഖ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.</u>

21. മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായമായി നൽകി വരുന്ന തുക വളരെ തുച്ഛമാണെന്നും ആയത് രണ്ടു വർഷത്തോളമായി കുടിശ്ശികയാണെന്നും സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ മത്സ്യത്തൊഴിലാളികൾക്കുള്ള വിവാഹ ധനസഹായം ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങളുടെ തുക വർദ്ധിപ്പിക്കണമെന്നും അത് സമയബന്ധിതമായി കൊടുത്തു തീർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

22. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ കൂടുതലും പ്രവർത്തിക്കുന്നത് വാടക കെട്ടിടങ്ങളിലും വീടുകളിലെ ഒറ്റ മുറികളിലും ആയതിനാൽ സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ഇത് പലപ്പോഴും തടസ്സം സൃഷ്ടിക്കുന്നുണ്ടെന്ന് സമിതി വിലയിരുത്തുന്നു. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ ഓഫീസ് കെട്ടിട നിർമ്മാണത്തിന് എം.എൽ.എ. ഫണ്ട് ലഭ്യമാക്കുന്ന പക്ഷം ആയത് സംഘങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും അതിലൂടെ സംഘങ്ങളുടെ പുരോഗതിക്കും പ്രയോജനകരമായിരിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ ഓഫീസ് കെട്ടിട നിർമ്മാണത്തിന് എം.എൽ.എ. ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് ധനകാര്യ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു</u>

23. സംസ്ഥാനത്ത് കാർഷിക/മത്സ്യബന്ധന ആവശ്യത്തിനും ഉത്സവ വേളകളിലും പ്രകൃതി ദുരന്ത സാഹചര്യങ്ങളിലും കേന്ദ്രം അനുവദിക്കുന്ന നോൺ സബ്സിഡി മണ്ണെണ്ണയിൽ നിന്നാണ് മത്സ്യബന്ധന മേഖലയ്ക്ക് 2018 മുതൽ പെർമിറ്റ് അടിസ്ഥാനത്തിൽ മണ്ണെണ്ണ നൽകി വരുന്നത്. ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിലുള്ള മൊത്ത വിതരണ കേന്ദ്രങ്ങൾ വഴിയാണ് നിലവിൽ നോൺ സബ്സിഡി മണ്ണെണ്ണ വിതരണം ചെയ്തു വരുന്നത്. എന്നാൽ, പ്രസ്തുത മണ്ണെണ്ണയുടെ വിതരണം മത്സ്യഫെഡ് മുഖേന നടത്തുന്നതിലൂടെ മത്സ്യമേഖലയ്ക്ക് നേട്ടമുണ്ടാകുമെന്ന് സമിതി കരുതുന്നു. മത്സ്യഫെഡിന്റെ നിലവിലുള്ള 13 ബങ്കുകൾക്ക് പുറമേ കൂടുതൽ ബങ്കുകൾ സ്ഥാപിച്ച് അതിലൂടെ ടി മണ്ണെണ്ണയുടെ വിതരണം നടത്തുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. <u>ആയതിനാൽ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന വിതരണം ചെയ്യുന്ന നോൺ സബ്സിഡി മണ്ണെണ്ണ മത്സ്യഫെഡ് മുഖാന്തരം വില കുറച്ച് നൽകുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>

24. മത്സ്യബന്ധന മേഖലയുടെ സമഗ്ര വികസനങ്ങൾക്കും മത്സ്യത്തൊഴിലാളികളുടെ വിവിധോന്മുഖമായ ക്ഷേമ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള കേന്ദ്ര/സംസ്ഥാന സർക്കാർ പദ്ധതികൾ വിജയകരമായി നടപ്പാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളും സഹകരണത്തോടെ പ്രവർത്തിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

**തിരുവനന്തപുരം**
2024 ജൂലൈ 8

**പി.പി. ചിത്തരഞ്ജൻ,**
അദ്ധ്യക്ഷൻ,
മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ
തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് -ലൈഫ് പദ്ധതി- 2018 ലും 2022 ലും വായ്പകൾ അനുവദിക്കുന്നതിനായി ലൈഫ് മിഷൻ കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയ്ക്ക് കൈമാറിയിട്ടുള്ള ഗുണഭോക്തൃ പട്ടികകളിലെ ഫണ്ടഭ്യർത്ഥന നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് പകരം, ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരേയും ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിനായുള്ള ധന സഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2806/2022/LSGD തീയതി,തിരുവനന്തപുരം, 15-11-2022

---

പരാമർശം:- 1. ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട് 15/10/2022 ൽ ബഹു. തദ്ദേശ സ്വയംഭരണ, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ ഭാഗമായി 2017 ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിലും 2019 ൽ തയ്യാറാക്കിയ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് അഡീഷണൽ ലിസ്റ്റിലും ഉൾപെട്ടിട്ടുള്ള, ഗ്രാമപഞ്ചായത്തുകളിലെ അർഹരായ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിൽ വായ്പാ ഘടകമായി വിനിയോഗിക്കുന്നതിന് സർക്കാർ ഗ്യാരണ്ടിയിൽ കെ.യു.ആർ.ഡി.എഫ്.സി മുഖേന അനുവദിച്ച 2018-ലേയും 2022-ലേയും ഹഡ്കോ വായപകളിൽ, 1500 കോടി രൂപ ( യഥാക്രമം 650കോടി, 850കോടി ) ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക 2018-ലും 2022-ലും വായ്പകൾ അനുവദിക്കുന്നതിനായി ലൈഫ് മിഷൻ കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയ്ക്ക് കൈമാറിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്തൃ പട്ടികകളിലെ ഫണ്ടഭ്യർത്ഥന നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് പകരം, ടി ലിസ്റ്റുകളിൽ ഓരോ ഗ്രാമപഞ്ചായത്തിൽ നിന്നും ഓരോ ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ള ആകെ ഗുണഭോക്താക്കളുടെ എണ്ണത്തിലും തുകയിലും വ്യത്യാസം വരാത്തവിധം, ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ ഭവനരഹിതരേയും ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിനായുള്ള വായ്പ ഘടകമായി ഒരു ഗുണഭോക്താവിന് പരമാവധി 2,20,000 രൂപ (രണ്ട് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) എന്ന നിരക്കിൽ വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ ,തിരുവനന്തപുരം

റീജിയണൽ ചീഫ്, ഹഡ്കോ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കെ.യു.ഡി.ആർ.എഫ്.സി,തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ഇ)/ഓഡിറ്റ്), തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sheeba S C**
**Date: 15-11-2022 10:37:11**
സെക്ഷൻ ഓഫീസർ

അനുബന്ധം II

സമിതിയുടെ ഇടപെടൽ മൂലം പരിഹൃതമായ ഹർജികളുടെ വിശദാംശം

1. മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ വായ്പാ ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ.സി.കെ.വിശ്വംഭരൻ സമർപ്പിച്ച ഹർജി
(ഫയൽ നമ്പർ: 13016/എഫ്.ഡബ്ല്യു.സി.1/2014/നി.സെ.)

2010-2011 സാമ്പത്തിക വർഷത്തിൽ അനുവദിച്ച മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ ധനസഹായം ആരോഗ്യകാരണങ്ങളാൽ കൈപ്പറ്റാൻ സാധിക്കാതിരുന്ന ഹർജിക്കാരന് 2013-2014 സാമ്പത്തിക വർഷത്തെ മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം അനുവദിക്കണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം.

ഹർജിയിൻമേൽ മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ. സി.കെ. വിശ്വംഭരന് പാണാവള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും 2014-15 സാമ്പത്തിക വർഷത്തിൽ 2 ലക്ഷം രൂപ ഭവന നിർമ്മാണ ധനസഹായമായി അനുവദിച്ചിരുന്നെന്നും ടി തുക വിനിയോഗിച്ച് ടിയാൻ ഏകദേശം 600 square feet വരുന്ന വാസയോഗ്യമായ ഭവനം നിർമ്മിച്ചിട്ടുണ്ടെന്നുള്ള വിവരം അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 23.03.2022-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഹർജിക്കാരന്റെ ആവശ്യം പരിഹൃതമായതിൽ സമിതിക്ക് സംതൃപ്തിയുണ്ട്.

2. ഭവനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ജോയി വർഗ്ഗീസ്, ചൊവ്വര സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ: 20222/എഫ്.ഡബ്ല്യു.സി.1/2017/നി.സെ.)

ഹർജിക്കാരൻ പത്ത് വർഷമായി കുടുംബ വീട്ടിലാണ് താമസിക്കുന്നതെന്നും മത്സ്യഫെഡിൽ ലോണിനായി അപേക്ഷിച്ചിട്ടുണ്ടെന്നും ആയതിനാൽ ഭവനം ലഭ്യമാക്കണമെന്നുമായിരുന്നു സമിതിയുടെ 21.06.2017-ലെ വിഴിഞ്ഞം സന്ദർശനത്തിൽ ലഭിച്ച ഹർജിയിലെ ആവശ്യം.

ഹർജിയിൻമേൽ മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ടിയാൻ പത്ത് വർഷമായി കുടുംബ വീട്ടിലാണ് താമസമെന്നും വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിത ഭവന രഹിത പദ്ധതിയുടെ വെയിറ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും തിരുവനന്തപുരം ജില്ലക്ക് അനുവദിച്ച ടാർജറ്റ് പൂർത്തിയായതിനാൽ ടിയാനെ ആനുകൂല്യത്തിനായി പരിഗണിക്കാൻ സാധിച്ചിട്ടില്ല എന്നും ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ നടപ്പിലാക്കുന്നില്ലെന്നും ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ നിലവിൽ ലൈഫ് മിഷൻ മുഖേനയാണ് നടപ്പാക്കുന്നത് എന്നും ഭൂരഹിത ഭവന രഹിത ധനസഹായം ലഭ്യമാക്കുന്നതിനായി ഫിഷറീസ് വകുപ്പിൽ നിന്ന് ലിസ്റ്റ് ലൈഫ് മിഷന് നൽകിയിട്ടുണ്ട് എന്നും അറിയിച്ചിരുന്നു.

ടി റിപ്പോർട്ട് പരിഗണിച്ച 17.09.2021-ലെ യോഗം ഭവനം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് മത്സ്യബന്ധന തുറമുഖ(ബി) വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹർജിക്കാരൻ ഓൺലൈനായി അപേക്ഷ സമർപ്പിക്കാഞ്ഞതിനാൽ പരിഗണിക്കാൻ കഴിഞ്ഞില്ല എന്ന് അറിയിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി വിവിധ തരം ഭവന പദ്ധതികൾ ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയപ്പോൾ അർഹരായ മത്സ്യത്തൊഴിലാളികൾക്ക് യഥാക്രമം വീട് ലഭ്യമാകുന്നില്ല എന്ന് വിലയിരുത്തുകയും ചെയ്തു. പ്രസ്തുത വിഷയം സംബന്ധിച്ച് മത്സ്യബന്ധന തുറമുഖം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പ് സെക്രട്ടറിമാരിൽ നിന്നും 28-09-2021 ന് സമിതി തെളിവെടുപ്പ് നടത്തുകയും ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകുന്നതിൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും അർഹമായ പ്രതിനിധ്യം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ് 20.12.2021-ൽ ലഭ്യമാക്കിയ അധികവിവര റിപ്പോർട്ടിൽ ശ്രീ. ജോയി വർഗ്ഗീസ് നിലവിൽ ഭവനം നിർമ്മിച്ച് ആറുമാസമായി ടി വീട്ടിൽ താമസിച്ചു വരുന്നു എന്ന വിവരം അറിയിച്ചു.

ഹർജിക്കാരന് വീടു ലഭിച്ചതിൽ സമിതിയ്ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

3. 2018-ലെ പ്രളയദുരന്തത്തിൽ രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾക്കും ബോട്ടുകൾക്കും സംഭവിച്ച കേടുപാടുകൾ പരിഹരിക്കണമെന്ന സമിതി ശിപാർശ

(ഫയൽ നമ്പർ: 23190/എഫ്.ഡബ്ല്യു.സി.1/2018/നി.സെ.)

2018-ലെ പ്രളയദുരന്തത്തിൽ മത്സ്യത്തൊഴിലാളികൾ നടത്തിയ രക്ഷാപ്രവർത്തനത്തെ 06.09.2018-ലെ യോഗത്തിൽ സമിതി അഭിനന്ദിക്കുകയും പ്രസ്തുത രക്ഷാപ്രവർത്തനത്തിൽ അവരുടെ ബോട്ടുകൾക്കും വള്ളങ്ങൾക്കും സംഭവിച്ച കേടുപാടുകൾ പരിഹരിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരം എത്രയും വേഗം ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശയിൻമേലുള്ള നടപടി റിപ്പോർട്ടിനായി 19.09.2018-ൽ മത്സ്യബന്ധന തുറമുഖ വകുപ്പിന് കത്തയച്ചിരുന്നു.

ആയതിന്, മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ 2018 പ്രളയത്തോടനുബന്ധിച്ച് സംസ്ഥാനത്തിന്റെ വിവിധ ജില്ലകളായി 669 ബോട്ടുകൾ ഫിഷറീസ് വകുപ്പ് മുഖേന രക്ഷാപ്രവർത്തനത്തിന് സഹായിച്ചിരുന്നുവെന്നും രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന യാനങ്ങൾക്കുണ്ടായ നാശനഷ്ടത്തിന് പരിഹാരമായി ഇവ മത്സ്യഫെഡ് റിപ്പയർ ചെയ്ത് ഉടമയ്ക്ക് തിരികെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അപ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ നിന്നും പ്രളയ രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യത്തൊഴിലാളികളുടെ 592 വള്ളങ്ങൾക്കും 485 എഞ്ചിനുകൾക്കും കേടുപാടുകൾ തീർത്ത് നൽകിയിട്ടുണ്ടെന്നും കൂടാതെ പൂർണ്ണമായി നഷ്ടം സംഭവിച്ച 13 വള്ളങ്ങൾക്കും 10 എഞ്ചിനുകൾക്കും പകരം പുതിയവ നൽകിയിട്ടുണ്ടെന്നും ഈയിനത്തിൽ ഇന്ധനച്ചെലവ് ഉൾപ്പെടെ 2,59,46,436.00/- രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 22.09.2022-ലെ യോഗം അംഗീകരിച്ചു.

സമിതിയുടെ ഇടപെടൽ മൂലം ഇക്കാര്യത്തിൽ സർക്കാർ ഭാഗത്തു നിന്നും ആശ്വാസകരമായ പരിഹാരം ഉണ്ടായതിൽ സമിതിക്ക് അതിയായ സന്തോഷമുണ്ട്.

4. ഭർത്താവ് മരണപ്പെട്ടതിനാൽ ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ശാന്തി, കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നം. 15383/എഫ്.ഡബ്ല്യു.സി2/2020/നി.സെ.)

ഹർജിക്കാരിയുടെ ഭർത്താവ് മരിയാദാസ് 10-08-2019 ന് കാസർഗോഡ് കടപ്പുറത്തു വച്ച് കടൽ ക്ഷോഭത്തിൽപ്പെട്ട് മരണപ്പെട്ടുവെന്നും ഭർത്താവിന്റെ മരണശേഷം മൂന്ന് മക്കളടങ്ങുന്ന കുടുംബം മറ്റ് വരുമാനമാർഗ്ഗമൊന്നുമില്ലാതെ ജീവിക്കാൻ വളരെയെറെ ബുദ്ധിമുട്ടുകയാണെന്നും സർക്കാരിൽ നിന്നും സീറോ ലാന്റ് പദ്ധതി പ്രകാരം ലഭിച്ച 3 സെന്റ് സ്ഥലത്ത് സർക്കാർ സഹായത്തോടെ വീട് നിർമ്മിച്ച് താമസിക്കുകയാണെന്നും അതിനാൽ ധനസഹായം അനുവദിക്കമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം. പ്രസ്തുത ഹർജിയിന്മേൽ മത്സ്യബന്ധന തുറമുഖ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ. മരിയാ ദാസിന്റെ അപകടമരണത്തിനു ഇൻഷ്വറൻസ് സഹായമായി ടിയാന്റെ ആശ്രിതയും ഭാര്യയുമായ ശ്രീമതി ശാന്തിയുടെ അപേക്ഷ പരിഗണിച്ച് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി അനുവദിച്ച 10,00,000 രൂപ(പത്ത് ലക്ഷം) നൽകിയിട്ടുണ്ടെന്നും സാഫ് നടപ്പിലാക്കി വരുന്ന സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ വികസനം, തീരമൈത്രി, സീ ഫുഡ് റെസ്റ്റോറന്റ് പദ്ധതി, ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്ക് തുടങ്ങിയ പദ്ധതികളിൽ ടി വ്യക്തി ഫിഷർമെൻ ഫാമിലി രജിസ്റ്ററിൽ അംഗത്വമുള്ള മറ്റ് വനിതകളുമായി ചേർന്ന് ഗ്രൂപ്പ് രൂപീകരിച്ച് അപേക്ഷ നൽകുകയാണെങ്കിൽ പദ്ധതി മാനദണ്ഡങ്ങൾക്കു വിധേയമായി വരും വർഷങ്ങളിൽ ടിയാൾക്ക് സൂക്ഷ്മ തൊഴിൽ ആരംഭിക്കുന്നതിനുള്ള ആനുകൂല്യം നൽകുന്നതാണെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 01-02-2022 ലെ സമിതിയോഗം അംഗീകരിച്ചു. സമിതിയുടെ ഇടപെടൽ മൂലം ഹർജിക്കാരിക്ക് ആശ്വാസമേകിയതായി സമിതി വിലയിരുത്തുന്നു.

5. 2021 ജൂലൈ 4-ന് കാസർഗോഡ് അഴിമുഖത്ത് വള്ളം മറിഞ്ഞു മരണപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കണമെന്നും രക്ഷാപ്രവർത്തനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ.എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ. സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ: 11165/എഫ്.ഡബ്ല്യു.സി.3/2021/നി.സെ.)

2021 ജൂലൈ 4-ന് കാസർഗോഡ് അഴിമുഖത്ത് വള്ളം മറിഞ്ഞു മരണപ്പെട്ട മത്സ്യത്തൊഴിലാളികളായ ശ്രീ.രതീഷ്, ശ്രീ. സന്ദീപ്,

ശ്രീ.കാർത്തിക് എന്നിവരുടെ കുടുംബങ്ങൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കണമെന്നും കാസർഗോഡ് ജില്ലയിൽ രക്ഷാപ്രവർത്തനങ്ങൾക്ക് വേണ്ടത്ര സംവിധാനമില്ലാത്തത് പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ.എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ. സമർപ്പിച്ച ഹർജി റിപ്പോർട്ടിനായി 23.07.2021 ന് മത്സ്യബന്ധന തുറമുഖ വകുപ്പിന് അയച്ചുകൊടുത്തിരുന്നു.

തുടർന്ന് മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ് 30.12.2021-ന് ലഭ്യമാക്കിയ റിപ്പോർട്ടിൽ കാസർഗോഡ് ജില്ലയിലെ കസബ കടപ്പുറത്ത് 04/07/2021 രാവിലെ ഉണ്ടായ തോണി അപകടത്തിൽ മൂന്ന് മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയും 4 മത്സ്യത്തൊഴിലാളികൾക്ക് പരിക്ക് പറ്റി ആശുപത്രിയിൽ ചികിൽസ തേടുകയും ചെയ്ത സാഹചര്യത്തിൽ 06/07/2021 ൽ മത്സ്യബോർഡ് ചെയർമാൻ ഉൾപ്പെടെ മരണപ്പെട്ടവരുടെ വീടുകളിലും പരിക്കേറ്റവരെ ആശുപത്രിയിലും സന്ദർശിക്കുകയും മരണപ്പെട്ട മത്സ്യത്തൊഴിലാളികളായ ശ്രീ.രതീഷ് S/o അമ്പാടി, കസബ കടപ്പുറം, ശ്രീ. സന്ദീപ് S/o ശശിധരൻ, കസബ എന്നിവരുടെ കുടുംബത്തിന് അടിയന്തിര ധനസഹായമായി 10,000/- രൂപ വീതം അനുവദിച്ച നൽകുകയും ചെയ്തിട്ടുണ്ട് എന്നും മേൽ ധനസഹായത്തിനു പുറമെ ടി.കുടുംബങ്ങൾക്ക് ഇൻഷുറൻസ് തുക ഇനത്തിൽ മുൻകൂറായി ഒരു ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട് എന്നും അറിയിച്ചിരുന്നു. കൂടാതെ, ശ്രീ.കാർത്തികിന്, S/o ഷൺമുഖൻ ,കസബ കാസർഗോഡ്(19 വയസ്സ്) മത്സ്യബോർഡിൽ അംഗത്വം ഇല്ലാത്തതിനാൽ ടിയാന്റെ കുടുംബത്തിന് ചെയർമാന്റെ റിലീഫ് ഫണ്ടിൽ നിന്നും അയ്യായിരം രൂപയും ബോർഡിന്റെ പ്രത്യേക ധനസഹായവുമായി പതിനായിരം രൂപയും അനുവദിച്ച നൽകിയിട്ടുണ്ടെന്നും 2020-21 വർഷത്തെ മത്സ്യബോർഡ് ഗ്രൂപ്പ് ഇൻഷുറൻസ് പരിരക്ഷ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ശ്രീ.രതീഷ് , ശ്രീ. സന്ദീപ് എന്നിവരുടെ ആശ്രിതർ മരണാനന്തര ഇൻഷുറൻസ് ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് പരിഗണിച്ച് 2 ക്ലെയിമുകൾക്കും 10,00,000/- രൂപ വീതം ഓറിയന്റൽ ഇൻഷുറൻസ് കമ്പനി മത്സ്യബോർഡിലേക്ക് അനുവദിച്ചിട്ടുണ്ടെന്നും ടി തുക ശ്രീ.രതീഷ് , ശ്രീ. സന്ദീപ് എന്നിവരുടെ ആശ്രിതർക്ക് അടിയന്തര ധനസഹായമായി അനുവദിച്ച 1,10,000/- രൂപ കുറവ് ചെയ്ത് 8,90,000/- രൂപ വീതം വിതരണം ചെയ്യുന്നതാണെന്നും കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

അതോടൊപ്പം കാസർഗോഡ് ജില്ലയിൽ കടൽ രക്ഷാപ്രവർത്തനങ്ങൾക്ക് ഒരു ബോട്ട് ഫിഷറീസ് വകുപ്പ് വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്നുണ്ടെന്നും അടിയന്തര ഘട്ടങ്ങളിൽ തൊട്ടടുത്ത ജില്ലകളിൽ നിന്നും ടി ആവശ്യങ്ങൾക്ക് പ്രവർത്തിപ്പിക്കുന്ന ബോട്ടുകളുടെ സഹായം തേടുന്നുണ്ടെന്നും കാസർഗോഡ് ജില്ലയിൽ കുമ്പള കേന്ദ്രീകരിച്ച് ഒരു ഫിഷറീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായുള്ള കെട്ടിടം പൂർത്തിയാക്കി പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും ഫിഷറീസ് സ്റ്റേഷന്റെ പ്രവർത്തനത്തിനാവശ്യമായ ഉദ്യോഗസ്ഥരുടെ തസ്തിക സൃഷ്ടിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നുവെന്നും കൂടാതെ കാസർഗോഡ് ജില്ലയിൽ 4 റെസ്ക്യൂ ഗാർഡുകളെ കൂടി താത്കാലികമായി നിയമിക്കുന്നതിന് ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇവരുടെ സേവനവും ഇനി രക്ഷാപ്രവർത്തനങ്ങൾക്ക് ലഭ്യമാകും എന്നും വ്യക്തമാക്കിയിരുന്നു.

പ്രസ്തുത റിപ്പോർട്ട് 01.02.2022-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

അഴിമുഖത്ത് വള്ളം മറിഞ്ഞ് മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ധനസഹായം നേടികൊടുക്കുന്നതിന് സമിതിയുടെ ഇടപെടലിലൂടെ സാധിച്ചു എന്നതിൽ സമിതിക്ക് അതിയായ സന്തോഷമുണ്ട്.

## അനുബന്ധം III

### സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച പട്ടിക

| ക്രമ നമ്പർ | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|
| 1. | ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച് ഭവനരഹിതം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് അഖില കേരള ധീവരസഭ പ്രസിഡന്റ് ശ്രീ. എ.ഗംഗാധരൻ, കാസർഗോഡ് സമർപ്പിച്ച ഹർജി | 11104/എഫ്.ഡബ്ല്യു.സി1/2013/ലെജി |
| 2. | കൊയിലാണ്ടി തീരദേശ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് മുൻസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ശാന്ത, കോഴിക്കോട് സമർപ്പിച്ച ഹർജി | 17904/എഫ്.ഡബ്ല്യു.സി1/2013/ലെജി |
| 3. | കൊയിലാണ്ടി നഗരസഭയിലെ 34-ാം വാർഡിലെ റോഡുകൾ ടാറിംഗ് നടത്തണമെന്നും മത്സ്യത്തൊഴിലാളികളെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് കൗൺസിലർ ശ്രീമതി വി.വി. സുജാത, കോഴിക്കോട് സമർപ്പിച്ച ഹർജി | 17906/എഫ്.ഡബ്ല്യു.സി1/2013/ലെജി |
| 4. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ഹുസൈൻ, പൊന്നാനി സമർപ്പിച്ച ഹർജി | 22701/എഫ്.ഡബ്ല്യു.സി1/2013/ലെജി |
| 5. | കോടിക്കൽ കടപ്പുറത്ത് മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കണമെന്നാവശ്യപ്പെട്ട് തിക്കോടി കോടിക്കൽ കടലോര വികസന സമിതി സെക്രട്ടറി ശ്രീ.വി.കെ ഹംസ സമർപ്പിച്ച ഹർജി | 15292/എഫ്.ഡബ്ല്യു.സി1/2015/ലെജി |
| 6. | സുനാമി ഫ്ലാറ്റ് അർഹരായവർക്ക് നൽകണമെന്നും സെപ്റ്റിക് ടാങ്ക് മാലിന്യത്തിന് പരിഹാരം കാണണമെന്നും ആവശ്യപ്പെട്ട് ശ്രീ.ഗംഗാദത്ത്, കൊല്ലം സമർപ്പിച്ച ഹർജി. | 22534/എഫ്.ഡബ്ല്യു.സി1/2016/ലെജി |
| 7. | ചെല്ലാനം ഹാർബർ റോഡ് പുന:സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.രാജു പൊടിയനാട്, എറണാകുളം സമർപ്പിച്ച ഹർജി. | 23205/എഫ്.ഡബ്ല്യു.സി1/2016/ലെജി |
| 8. | അപകടം സംഭവിക്കുമ്പോൾ മത്സ്യബന്ധന ഉപകരണങ്ങൾ കൂടി ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീ.ചന്ദ്രാംഗതൻ | 23498/എഫ്.ഡബ്ല്യൂ.സി1/2016/ലെജി |

| | | |
|---|---|---|
| | സമർപ്പിച്ച ഹർജി. | |
| 9. | തൃശ്ശൂർ ജില്ലയിലെ നാട്ടികയിൽ ഹാർബർ നിർമ്മിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.പി.ആർ.കറപ്പൻ മുതൽപേർ സമർപ്പിച്ച ഹർജി | 15466/എഫ്.ഡബ്ല്യു.സി1/2017/ലെജി |
| 10. | ഭവനം നിർമ്മിക്കുന്നതിന് സഹായം നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി റീത്തമ്മ, തിരുവനന്തപുരം സമർപ്പിച്ച ഹർജി | 20128/എഫ്.ഡബ്ല്യു.സി1/2017/ലെജി |
| 11. | ഭവന വായ്പ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ക്രിസ്റ്റഫർ, തിരുവനന്തപുരം സമർപ്പിച്ച ഹർജി. | 20218/എഫ്.ഡബ്ല്യു.സി1/2017/ലെജി |
| 12. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ.ആന്റണി, തിരുവനന്തപുരം സമർപ്പിച്ച ഹർജി | 20235/എഫ്.ഡബ്ല്യു.സി1/2017/ലെജി |
| 13. | നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി ജാക്വിലിൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി | 20246/എഫ്.ഡബ്ല്യു.സി1/2017/ലെജി |
| 14. | ഭവനം നൽകാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി റോസമ്മ ബാബു, തിരുവനന്തപുരം സമർപ്പിച്ച ഹർജി | 20256/എഫ്.ഡബ്ല്യു.സി1/2017/ലെജി |
| 15. | ഭവനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ഫിലോമിന ലോപ്പസ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി | 20362/എഫ്.ഡബ്ല്യു.സി1/2017/ലെജി |
| 16 | കുറ്റിവല ലൈസൻസ് തന്റെ പേരിൽ മാറ്റി കിട്ടുന്നതിന് നടപടിയാവശ്യപ്പെട്ട് ശ്രീമതി കെ.രത്നവല്ലി, കാസർഗോഡ് സമർപ്പിച്ച ഹർജി. | 23092/എഫ്.ഡബ്ല്യു.സി1/2017/ലെജി |
| 17. | ആധാരം തിരികെ നൽകുന്നതിന് നടപടിയാവശ്യപ്പെട്ട് ശ്രീ.വൈക്കത്ത് പത്മനാഭൻ, കാസർഗോഡ് സമർപ്പിച്ച ഹർജി. | 23096/എഫ്.ഡബ്ല്യു.സി1/2017/ലെജി |
| 18. | സ്ഥലം സംരക്ഷിക്കുവാൻ വേണ്ട നടപടി കൈക്കൊള്ളണമെന്നാവശ്യപ്പെട്ട് ശ്രീ.പ്രഭാകരൻ കെ., കാസർഗോഡ് സമർപ്പിച്ച ഹർജി. | 23133/എഫ്.ഡബ്ല്യു.സി1/2017/ലെജി |
| 19. | ആലപ്പാട് പഞ്ചായത്ത് സുനാമി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് 3 ലക്ഷം രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. രാജൻ, ആലപ്പാട് സമർപ്പിച്ച ഹർജി | 13203/എഫ്.ഡബ്ല്യു.സി2/2012/നിസെ |
| 20. | അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതി നാവശ്യമായ ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സുജാത വി. വി, കൊയിലാണ്ടി സമർപ്പിച്ച ഹർജി | 17858/എഫ്.ഡബ്ല്യു.സി2/2013/നിസെ |

| | | |
|---|---|---|
| 21. | ജോലി സ്ഥിരപ്പെടുത്തുന്നതിനും ക്ഷേമനിധി വിഹിതം ലഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നീണ്ടകര ഫിഷിംഗ് ഹാർബർ നിർമ്മാണ തൊഴിലാളികൾ സമർപ്പിച്ച ഹർജി | 20715/എഫ്.ഡബ്ല്യു.സി2/2013/നിസെ |
| 22. | വീട് വയ്ക്കുന്നതിനായി സ്ഥലം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഹനീഫ S/o കുഞ്ഞിമുഹമ്മദ്, താനൂർ സമർപ്പിച്ച ഹർജി | 22702/എഫ്.ഡബ്ല്യു.സി2/2014/നിസെ |
| 23. | മത്സ്യത്തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾക്ക് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. ടി അലി, പൊന്നാനി സമർപ്പിച്ച ഹർജി. | 22741/എഫ്.ഡബ്ല്യു.സി2/2015/നിസെ |
| 24. | അഴിത്തല ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണത്തിനാവശ്യമായ തുക വകയിരുത്തുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. കെ. കെ. മഹമ്മൂദ്, വടകര സമർപ്പിച്ച ഹർജി | 15291/എഫ്.ഡബ്ല്യു.സി2/2015/നിസെ |
| 25. | വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എസ്. കെ. കുഞ്ഞുമോൻ സമർപ്പിച്ച ഹർജി. | 15307/എഫ്.ഡബ്ല്യു.സി2/2014/നിസെ |
| 26. | ചികിത്സാ ധനസഹായവും ഭവനനിർമ്മാണ ധനസഹായവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. പി. ആന്റണി പീറ്റർ, കൊച്ചി സമർപ്പിച്ച ഹർജി സംബന്ധിച്ച്. | 23203/എഫ്.ഡബ്ല്യു.സി2/2016/നിസെ |
| 27 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കസബ കടപ്പുറം ജി.എഫ്.യു.പി.സ്കൂൾ ഹെഡ്മിസ്ട്രസ്സ് സമർപ്പിച്ച ഹർജി. | 23083/എഫ്.ഡബ്ല്യു.സി2/2017/നിസെ |
| 28 | തോട് സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് ഏഴകുടിക്കൽ ശ്രീ കുറുംബ ഭഗവതി ക്ഷേത്രധർമ്മപരിപാലന അരയസമാജം പ്രസിഡന്റ് സമർപ്പിച്ച ഹർജി | 21503/എഫ്.ഡബ്ല്യു.സി.3/2017/ലെജി |
| 29 | മത്സ്യബന്ധന യാനങ്ങളുടെ ലൈസൻസ് പുതുക്കുന്നതിനുള്ള സൗകര്യം വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.വി.ഗിരീഷ്, വടകര സമർപ്പിച്ച ഹർജി | 21511/എഫ്.ഡബ്ല്യു.സി.3/2017/ലെജി |
| 30 | പുലിമുട്ട് നിർമ്മിക്കുക തുടങ്ങി വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ.വി.പി.മുഹമ്മദ് റാഫി, വടകര സമർപ്പിച്ച ഹർജി | 21513/എഫ്.ഡബ്ല്യു.സി.3/2017/ലെജി |

| | | |
|---|---|---|
| 31 | മണ്ണെണ്ണ പെർമിറ്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.ബാലകൃഷ്ണൻ സമർപ്പിച്ച ഹർജി | 21518/എഫ്.ഡബ്ല്യൂ.സി.3/2017/ലെജി |
| 32 | സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് വടകര മത്സ്യത്തൊഴിലാളി വികസനക്ഷേമസഹകരണ സംഘം സെക്രട്ടറി ശ്രീ.സി.എച്ച്.കൃഷ്ണദാസ് സമർപ്പിച്ച ഹർജി | 21523/എഫ്.ഡബ്ല്യൂ.സി.3/2017/ലെജി |
| 33 | കുറ്റ്യാടിപ്പുഴയുടെ അഴിമുഖത്ത് പുലിമുട്ട് നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. വി. കേളപ്പൻ മുതൽപേർ,കോട്ടക്കൽ സമർപ്പിച്ച ഹർജി | 21541/എഫ്.ഡബ്ല്യൂ.സി.3/2017/ലെജി |
| 34 | സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി ബിന്ദു അജിത്കുമാർ, കോഴിക്കോട് സമർപ്പിച്ച ഹർജി | 21545/എഫ്.ഡബ്ല്യൂ.സി.3/2017/ലെജി |
| 35 | മത്സ്യത്തൊഴിലാളിക്ഷേമനിധിയിൽ അംഗത്വമുള്ള മുഴുവൻ തൊഴിലാളികളേയും BPL ലിസ്റ്റിൽ ഉൾപ്പെടുത്തുക, ആധുനിക രീതിയിൽ ശ്മശാനം നിർമ്മിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ.പി.പി.ശിവദാസ്,s/o ഭരതൻ, കൊയിലാണ്ടി സമർപ്പിച്ച ഹർജി | 21546/എഫ്.ഡബ്ല്യൂ.സി.3/2017/ലെജി |
| 36 | ബാങ്ക് വായ്പ എഴുതിത്തള്ളണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി അനിത, കൊയിലാണ്ടി സമർപ്പിച്ച ഹർജി | 21548/എഫ്.ഡബ്ല്യൂ.സി.3/2017/ലെജി |
| 37 | മത്സ്യത്തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ ഉന്നയിച്ച് ശ്രീ.എ.റ്റി.ശ്രീധരൻ, ചോമ്പാല സമർപ്പിച്ച ഹർജി | 21549/എഫ്.ഡബ്ല്യൂ.സി.3/2017/ലെജി |
| 38 | കടബാധ്യത ഓഴിവാക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ.ടി.വി.മനുകുമാർ, കോഴിക്കോട് സമർപ്പിച്ച ഹർജി | 21554/എഫ്.ഡബ്ല്യൂ.സി.3/2017/ലെജി |
| 39 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് നാഷണലിസ്റ്റ് മത്സ്യത്തൊഴിലാളി കോൺഗ്രസ് സെക്രട്ടറി ശ്രീ.പി.ശിവദാസ് സമർപ്പിച്ച ഹർജി | 25583/എഫ്.ഡബ്ല്യൂ.സി.3/2018/ലെജി |
| 40 | കടലിന്റെ ആവാസവ്യവസ്ഥയ്ക്ക് ഭീഷണിയായ രീതിയിലുള്ള മത്സ്യബന്ധനം തടഞ്ഞ് പരമ്പരാഗത രീതിയിൽ മത്സ്യബന്ധനം നടത്തുന്നവരെ | 25680/എഫ്.ഡബ്ല്യൂ.സി.3/2018/ലെജി |

| | | |
|---|---|---|
| | സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് പരമ്പരാഗത മത്സ്യത്തൊഴിലാളി ആക്ഷൻ കമ്മിറ്റി പ്രസിഡന്റ് ശ്രീ.റ്റി.എം.മജീദ് സമർപ്പിച്ച ഹർജി | |
